# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.2/PR/PIC/PHQ/13 Date : 10.1.2014

## ദൃശ്യം സിനിമ ഫെയ്സ് ബുക്കിൽ അപ്‌ലോഡ് ചെയ്ത വിദ്യാർത്ഥി അറസ്റ്റിൽ

അടുത്ത ദിവസങ്ങളിൽ റിലീസ് ചെയ്ത, മോഹൻ ലാൽ അഭിനയിച്ച, മലയാള സിനിമ *ദൃശ്യം* ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്ത് ഫെയ്സ് ബുക്കിൽ സ്വന്തമായി മൂന്നു സൈറ്റുകൾ ഉണ്ടാക്കി പ്രദർശിപ്പിച്ചു വന്നിരുന്ന കൊട്ടാരക്കര സ്വദേശിയായ പ്ലസ് ടു വിദ്യർത്ഥിയെ ആന്റിപൈറസി സെൽ അറസ്റ്റ് ചെയ്തു.

ഫെയ്സ് ബുക്കിൽ 'Harry Ktr', 'ദൃശ്യം ഫുൾ മൂവീ', 'കേരളാ ട്യൂബ്' എന്നീ പേജുകൾ ഓപ്പൺ ചെയ്തു ദൃശ്യം സിനിമയുടെ ഫുൾ വീഡിയോ കഴിഞ്ഞ ജനുവരി നാലു മുതൽ പ്രദർശിപ്പിച്ചതിനെത്തുടർന്ന് നിർമ്മാതക്കളായ ആശീർവാദ് സിനിമാസ് സംസ്ഥാന പോലീസ് മേധാവിക്കും ആന്റിപൈറസി സെല്ലിനും പരാതി നൽകിയിരുന്നു. ഇതേ തുടർന്ന് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. വിൻസൺ എം പോൾ, ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് അക്ബർ എന്നിവരുടെ നിർദ്ദേശം പ്രകാരം ഹൈടെക് സെല്ലിന്റേയും കൊട്ടാരക്കര പോലാസിന്റേയും സഹകരണത്തോടെ ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിലാണ് പ്ലസ് ടു വിദ്യർത്ഥി പിടിയിലായത്. പ്രസ്തുത വിദ്യാർത്ഥി ഉണ്ടാക്കിയ 'Kerala Tube' -ൽ മാത്രം പതിനായിരത്തോളം പേർ *ദൃശ്യം* സിനിമ കണ്ടിരുന്നു. ആയിരത്തോളം മെമ്പർമാരും അതിൽ ഉണ്ടായിരുന്നു. വിദ്യാർത്ഥിയുടെ വീട്ടിൽ നിന്ന് കംപ്യൂട്ടർ എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്, നാല് പെൻഡ്രൈവുകൾ എന്നിവ പോലീസ് കണ്ടെടുത്തു. വിദ്യാർത്ഥിക്കെതിരെ ഇൻഫർമേഷൻ ടെക്നോളജി ആക്ട്, പകർപ്പവകാശ നിയമം എന്നിവ പ്രകാരം കൊട്ടാരക്കര പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

ആന്റിപൈറസി സെൽ ഡി.വൈ.എസ്.പി. റഫീക്ക്, ഡിറ്റക്ടീവ് ഇൻസ്പെക്ടർ പൃഥിരാജ്, എസ്.ഐ. മാരായ റ്റി.വി ഷിബു, ബാബു, സിപിഒ ഷാൻ, ഹൈടെക് സെൽ സിപിഒ ദിനേശ്, കൊട്ടാരക്കര പോലീസ് എന്നിവർ റെയ്ഡിൽ പങ്കെടുത്തു. അറസ്റ്റ് ചെയ്ത വിദ്യാർത്ഥിയെ ജാമ്യത്തിൽ വിട്ടു. സൈറ്റുകളിലെ അഡ്മിൻ മെമ്പർമാരെക്കുറിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

വ്യാജ സിനിമ സ്ഥിരമായി സൈറ്റിൽ പ്രദർശിപ്പിച്ചുവരുന്നതും *ദൃശ്യം* സിനിമ ആദ്യമായി അപ്‌ലോഡ് ചെയ്തതുമായ 'R.P.Mallu Movies'എന്ന സൈറ്റിന് എതിരേയും അന്വേഷണം ആരംഭിച്ചിട്ടുണ്ട്.


The contents of this document may be deemed to be based on received information which is subject to further verification